# KIZHUTHULLY SREE MAHAVISHNU TEMPLE

# കിഴുത്തുള്ളി ശ്രീ മഹാവിഷ്ണു ക്ഷേത്രം

### നെടുമ്പാൾ, പി. ഒ. തൊട്ടിപ്പാൾ, തൃശ്ശൂർ - 680 310

*QN/2025/01* *Date: 03-03-2025*

## ക്വട്ടേഷൻ നോട്ടീസ്

നെടുമ്പാൾ കിഴുത്തുള്ളി ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലെ നടപ്പുരയുടെ തിരുമുറ്റം കരിങ്കൽ(ബാംഗ്ലൂർ സ്റ്റോൺ/കൃഷ്ണ ശില) വിരിക്കുന്നതിനായി അത്തരം പ്രവർത്തികൾ ചെയ്തുകൊടുക്കുന്ന സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി 2025 ഫെബ്രുവരി 10 നു വൈകുന്നേരം 5.00 മണി. താമസിച്ചു ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

**<u>നിബന്ധനകൾ:</u>**

1. ഏകദേശം 3000 ചതുരശ്ര അടി ആണ് കണക്കാക്കുന്നത്. ആയതിനാൽ ഇത്രയും ഏരിയ കാണിക്കിലെടുത്തു വേണം ക്വട്ടേഷനുകൾ നൽകേണ്ടത്. ക്വട്ടേഷൻ സമർപ്പിക്കുന്നവർക്ക് അതിനു മുൻപായി സ്ഥലം അളക്കാവുന്നതാണ്.
2. വിരിക്കുന്ന കരിങ്കല്ലിനു കുറഞ്ഞത് രണ്ടു ഇഞ്ച് കനം ഉണ്ടായിരിക്കണം.
3. തിരുമുറ്റത്ത് ആദ്യം കുറഞ്ഞത് മൂന്നു ഇഞ്ച് കോൺക്രീറ്റ് ഇട്ടതിനു മുകളിലായിട്ടാണ് കരിങ്കല്ല് വിരിക്കേണ്ടത്. കരിങ്കല്ലുകൾ തമ്മിൽ ഗ്യാപ് ഉണ്ടാകാൻ പാടുള്ളതല്ല.
4. കരിങ്കല്ല് വിരിക്കുന്ന പ്രവർത്തിക്കു മുന്നും പിന്നും ആയി നിലം പൊളിക്കുന്നതും വൃത്തിയാക്കുന്നതും മറ്റും ആ പ്രവർത്തി ചെയ്യുന്നവരുടെ ഉത്തരവാദിത്തമാണ്. ഈ അനുബന്ധ പ്രവർത്തികൾ ക്ഷേത്രമോ, ക്ഷേത്ര ജീവനക്കാരോ ചെയ്യുന്നതല്ല.
5. കരിങ്കല്ല് വിരിച്ച അളവിന് അനുസരിച്ചായിരിക്കും പണം നൽകുക. ആയതിനാൽ മേൽ പറഞ്ഞ പ്രവർത്തി ചെയ്തതിനു ശേഷം നിലം അളന്നു തിട്ടപ്പെടുത്തേണ്ടതാണ്.
6. 2025 മാർച്ച് 31 നു മുൻപായി കരിങ്കല്ല് വിരിക്കുന്ന പ്രവർത്തി ചെയ്തു കഴിഞ്ഞിരിക്കണം.
7. ക്വട്ടേഷൻ ലഭിക്കേണ്ട മേൽവിലാസം - പ്രസിഡന്റ്, കിഴുത്തുള്ളി ശ്രീ മഹാവിഷ്ണു ക്ഷേത്രം, നെടുമ്പാൾ, തൊട്ടിപ്പാൾ - പി. ഒ.
8. ക്വട്ടേഷനുകൾ 2025 ഫെബ്രുവരി 10 നു വൈകീട്ട് 7.00 മണിക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതായിരിക്കും.

9. ക്വട്ടേഷൻ പരിശോധിക്കുന്ന വേളയിൽ കരിങ്കല്ലിന്റെ സാമ്പിൾ, സമാനമായി മുൻപ് ചെയ്ത സ്ഥലങ്ങളുടെ ഫോട്ടോ/വീഡിയോ മറ്റു വിവരങ്ങൾ നൽകേണ്ടതാണ്.
10. തൃപ്തികരമല്ലെങ്കിൽ ഏതു ക്വട്ടേഷനും നിരസിക്കുന്നതിനുള്ള അധികാരം കിഴുത്തുള്ളി ശ്രീ മഹാവിഷ്ണു ക്ഷേത്ര സംരക്ഷണ സമിതിക്ക് ഉണ്ടായിരിക്കുന്നതാണ്.

**പ്രസിഡന്റ്**
കിഴുത്തുള്ളി ശ്രീ മഹാവിഷ്ണു
ക്ഷേത്ര സംരക്ഷണ സമിതി

**പകർപ്പ്:**

1. നോട്ടീസ് ബോർഡ്
2. ഫയൽ
3. ക്ഷേത്രം വെബ്സൈറ്റ്